എ.ഇ.എൽ /37003/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 24/3/2014

**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 12/2014

വിഷയം: സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളുടെ സമാപ്തീകരണം ലിക്വിഡേഷൻ ചാർജ്ജുകൾ ഈടാക്കുന്നത്-വ്യക്തത വരുത്തി ഭേദഗതി ചെയ്തത് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന: ഈ ആഫീസിലെ 1/8/2003 ലെ 43/2003-ാം സർക്കുലർ.

.................

1969-ലെ കേരള സഹകരണ ചട്ടം 69 ഉപചട്ടം (7) പ്രകാരം സമാപ്തീകരണത്തിലായ സഹകരണ സംഘങ്ങളുടെ ക്യാഷ് കളക്ഷനിൽ നിന്നും ലിക്വിഡേഷൻ കോസ്റ്റ് ചുമത്തുന്നത് സംബന്ധിച്ചും ടി തുകയിൽ നിന്നും സർക്കാരിലേയ്ക്ക് ഒടുക്കേണ്ട തുക സംബന്ധിച്ചും സൂചന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പല ജില്ലകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടി തുകകൾ നിർണ്ണയിക്കുന്നതിൽ വ്യക്തമായ ഒരു മാനദണ്ഡം സ്വീകരിക്കുന്നതായി കാണുന്നില്ല. ആയതിനാൽ ലിക്വിഡേഷനിലായ സഹകരണ സംഘങ്ങളുടെ ക്യാഷ് കളക്ഷനിൽ നിന്നും മേൽ പ്രസ്താവിച്ച തുകകൾ ഈടാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സമാപ്തീകരണത്തിലാകുന്ന സഹകരണ സംഘങ്ങളുടെ ക്യാഷ് കളക്ഷന്റെ 20% ബന്ധപ്പെട്ട ലിക്വിഡേറ്റർമാർ ലിക്വിഡേഷൻ കോസ്റ്റിലേയ്ക്ക് ഈടാക്കേണ്ടതാണ്.
2) മേൽ പ്രസ്താവിച്ച 20% ക്യാഷ് കളക്ഷന്റെ 3/4 ഭാഗം(ആകെ ക്യാഷ് കളക്ഷന്റെ 15%) സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
3) മേൽ പ്രസ്താവിച്ച 20% ക്യാഷ് കളക്ഷന്റെ പരമാവധി 1/4 ഭാഗം (ആകെ ക്യാഷ് കളക്ഷന്റെ 5%) ലിക്വിഡേഷനുമായി ബന്ധപ്പെട്ട കൺണ്ടിജെന്റ് ചാർജ്ജുകൾ ഒടുക്കുന്നതിനായി ലിക്വിഡേറ്റർക്ക് ചിലവഴിക്കാവുന്നതാണ്.
4) ക്യാഷ് കളക്ഷൻ എന്നത് ലിക്വിഡേഷനുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ ഭാഗമായി ലിക്വിഡേറ്റർ ഈടാക്കിയെടുക്കുന്ന ആസ്തികളുടെ ആകെ തുകയാണ്.
5) ടി തുകയിൽ സംഘത്തിന്റെ സസ്പെൻസ് അക്കൗണ്ട്, സംഘത്തിന്റെ സ്ഥിര ആസ്തികൾ വിറ്റുകിട്ടുന്ന തുക, സംഘം നൽകിയിട്ടുള്ള വായ്പയിൽ നിന്നും ഈടാക്കിയെടുക്കുന്ന തുക, സംഘത്തിന് ലഭിക്കേണ്ട അഡ്വാൻസ് തുകകളിൽ

ഈടാക്കിയെടുക്കുന്ന തുക, മറ്റ് സ്ഥാപനങ്ങളിലെ ഓഹരി, മറ്റ് സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

6) ഇപ്രകാരം ഈടാക്കുന്ന തുകയിൽ സംഘത്തിന്റെ ബാങ്ക്/ട്രഷറി നിക്ഷേപം ടി തുകകൾക്കുള്ള പലിശ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ലിക്വിഡേറ്ററുടെ പേരിലുള്ള ബാങ്ക് നിക്ഷേപം, ടി തുകയ്ക്കുള്ള പലിശ എന്നിവ ഉൾപ്പെടുത്തേണ്ടതില്ല.

ഒപ്പ്,

കെ.ഗോപാലകൃഷ്ണ ഭട്ട്,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്:-</u>

1. ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാർ, എറണാകുളം
2. ബഹുമാനപ്പെട്ട നിയമസഭാ സെക്രട്ടറി, തിരുവനന്തപുരം
3. ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. എല്ലാ ലിക്വിഡേറ്റർമാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. എഡിറ്റർ സഹകരണ വീഥി, തിരുവനന്തപുരം.
9. **വെബ്സൈറ്റ്,**
10. **സ്റ്റോക്ക് ഫയൽ/സ്പെയർ.**